(ഇ) തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് വ്യക്തികൾക്ക് പമ്പ്സെറ്റ് വാങ്ങാൻ, പമ്പുസെറ്റിന്റെ വിലയുടെ 50 ശതമാനമോ പരമാവധി 3500/- രൂപയോ നൽകുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകന് ചുരുങ്ങിയത് 25 സെന്റ് ഭൂമി ഉണ്ടായിരിക്കണം. രാസവളവും കീടനാശിനിയും വിതരണം ചെയ്യുന്നതിന് തെങ്ങ് ഒന്നിന് 8 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നു. തെങ്ങുകൃഷിയുള്ള എല്ലാ കർഷകർക്കും ആനുകൂല്യം ലഭ്യമാണ്.

(എഫ്)&(ജി) കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരകൃഷിയുടെ വിസ്തൃതിയിലും നാളികേരത്തിന്റെ ഉല്പാദനത്തിലും വർധനവ് കാണുന്നു. 1997-98-ൽ ഉല്പാദനക്ഷമത കുറഞ്ഞിട്ടുണ്ട്. 1996-97-ൽ വ്യാപിപ്പിച്ച കൃഷിയിടങ്ങളിൽ നിന്നുള്ള ഉല്പാദനം പൂർണ്ണമാകാത്തതിനാലാണ് 1997-98-ലെ ഉല്പാദനക്ഷമത കുറഞ്ഞതായി കാണുന്നതെന്ന് മനസ്സിലാക്കുന്നു.

9 (*534) ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ്

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ</u> :

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ധനകാര്യ വകുപ്പിനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കാതിരിക്കുകയും കാലതാമസം വരുത്തുകയും ചെയ്യുന്നത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതൊഴിവാക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ഷൻ വിംഗിന്റെ ആക്ഷൻ ടേക്കൻ വിംഗ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ടിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ആക്ഷൻവിംഗ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നതിനുശേഷം ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണപരിധി പഞ്ചായത്തുകളിൽകൂടി വ്യാപിപ്പിച്ചിരിക്കുന്നതിനാൽ ഇൻസ്പെക്ഷൻ വിംഗിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതുൾപ്പെടെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിൽ നിന്നും ഇൻസ്പെക്ഷൻ വിംഗിന് ലഭിക്കുന്ന പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കുന്നതിന് എത്ര ജീവനക്കാരാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇൻസ്പെക്ഷൻ-വിഭാഗങ്ങൾ വിപുലീകരിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ (1998-2000) 14-ാമതു റിപ്പോർട്ടിൻമേലുള്ള നിർദ്ദേശംകൂടി കണക്കിലെടുക്കുന്നതായിരിക്കും.

(ബി) നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിനാണ്.

(സി) ഇൻസ്പെക്ഷൻ വിംഗിന്റെ - അന്വേഷണ റിപ്പോർട്ടുകളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി എടുക്കണമെന്ന് വകുപ്പു തലവൻമാർക്ക് നിർദ്ദേശമുണ്ട്.

(ജി.ഒ.(പി) 506/92/ഫിൻ. തീയതി 20-8-92).

(ജി.ഒ.(പി) 2981/98/ഫിൻ. തീയതി 25-11-98)

(ഡി) പ്രവർത്തിക്കുന്നില്ല.

(ഇ) ബന്ധപ്പെട്ട വകുപ്പുകൾ നടപടികൾ സ്വീകരിച്ചാൽ മതിയാവുന്നതാണ്.

(എഫ്) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ വിപുലീകരണ നിർദ്ദേശത്തോടൊപ്പം ഇതു പരിഗണിക്കുന്നതാണ്.

(ജി) 26 പേർ.

(ടെക്നിക്കൽ ആന്റ് നോൺ ടെക്നിക്കൽ വിഭാഗത്തിലായി).

10 (*535) കെ.എസ്.ആർ.ടി.സി. കാന്റീനുകളുടെ പ്രവർത്തനം

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കാന്റീനുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. കാന്റീനുകൾ ലേലം ചെയ്തു കൊടുത്ത ഇനത്തിൽ കഴിഞ്ഞവർഷം എത്ര രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മിക്ക കെ.എസ്.ആർ.ടി.സി. കാന്റീനുകളിലും അമിത വിലയ്ക്ക് വളരെ മോശപ്പെട്ട ഭക്ഷണമാണ് നൽകുന്നത് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly